بسم الله الرحمن الرحيم

More details please contact

050 7462528

# LEARN THE QU-R'AN

റിയാദ് ഇന്ത്യൻ ഇസ്‌ലാഹി സെന്റർ ഖുർആൻ പഠന പരീക്ഷാ പദ്ധതി

## കുട്ടികൾക്കുള്ള വർക്ക്ഷീറ്റ്

### അമ്മ ജുസ്അ്

| വാർഷിക പരീക്ഷ: നവംബർ 9 വെള്ളിയാഴ്ച്ച രാവിലെ 9ന് |
|---|

1. ആനക്കലഹത്തെ കുറിച്ച് പറഞ്ഞ അദ്ധ്യായത്തിന്റെ പേര് ?
   ഉത്തരം: സൂറ: ഫീൽ
2. സൂറത്തു അസ്റിൽ പരലോക നഷ്ടക്കാരിൽ നിന്ന് രക്ഷപ്പെടാൻ അല്ലാഹു കൽപിക്കുന്ന നാല് കാര്യങ്ങൾ ഏവ ?
   ഉത്തരം: 1. സത്യവിശ്വാസം, 2. സൽകർമ്മം, 3. സത്യം പരസ്പരം ഉപദേശിക്കൽ, 4. ക്ഷമ
3. 'തകാസുർ' (പരസ്പരം പെരുമ കാണിക്കൽ) മൂലം നിങ്ങൾ അശ്രദ്ധരായത് എന്തിൽ നിന്നാണ് ?
   ഉത്തരം: ഭാവിജീവിതം (പരലോകം)
4. സൂറ: ആദിയാത്തിൽ മനുഷ്യന് കഠിനസ്നേഹം എന്തിനോടാണ് കാണുന്നത് ?
   ഉത്തരം: പണത്തിനോട്
5. അന്ത്യനാളിന്റെ കാഠിന്യം മാത്രം പറയുന്ന ഒരു സൂറത്തിന്റെ പേര് ?
   ഉത്തരം: സിൽസാൽ
6. ബയ്യിന സൂറത്തിലെ 'ബയ്യിന' (വ്യക്തമായ തെളിവ്) കൊണ്ടുവന്നതാര് ?
   ഉത്തരം: റസൂൽ (സ)
7. ലൈലത്തുൽ ഖദ്റിന്റെ പുണ്യം എത്രയാണ് ?
   ഉത്തരം: ആയിരം മാസങ്ങളേക്കാൾ പുണ്യം
8. ആദ്യമായി അവതരിച്ച ഖുർആൻ വചനത്തിൽ പറഞ്ഞ പഠന ഉപകരണത്തിന്റെ പേര് ?
   ഉത്തരം: പേന
9. മനുഷ്യസൃഷ്ടി നല്ല പാകതയിലാണെന്ന് പറയാൻ സത്യം ചെയ്ത് പറഞ്ഞ രണ്ട് ഭക്ഷണസാധനങ്ങൾ ഏവ ?
   ഉത്തരം: അത്തിയും ഒലീവും
10. മുഅവ്വിദാത്ത്(രക്ഷ നൽകുന്നത്) എന്നറിയപ്പെടുന്ന 2 സൂറത്തുകൾ ?
    ഉത്തരം: നാസ്, ഫലഖ്
11. മുഅവ്വിദത്തൈനി എന്ന പദത്തിന്റെ അർത്ഥം ?
    ഉത്തരം: രക്ഷ നൽകുന്ന 2 അദ്ധ്യായങ്ങൾ
12. എല്ലാ രാത്രിയും ഉറങ്ങുവാൻ കിടക്കുന്ന നേരം നബി (സ) ഓതിയ ശേഷം 2 കൈകളിലും ഊതി മുഖത്തും തലയിലും ശരീരം മുഴുവനും തടവിയിരുന്ന അദ്ധ്യായങ്ങൾ ?
    ഉത്തരം: സൂറത്തു നാസ്, ഫലഖ്, ഇഖ്‌ലാസ്
13. യാത്രയയപ്പിന്റെ അദ്ധ്യായം എന്നറിയപ്പെടുന്ന സൂറത്ത് ?
    ഉത്തരം: സൂറത്തു നസ്ർ
14. സൂറത്ത് ഇഖ്‌ലാസിൽ പ്രസ്താവിച്ച അല്ലാഹുവിന്റെ പരിശുദ്ധ ഗുണങ്ങൾ എത്ര ?
    ഉത്തരം: 5
15. ഖുർആനിൽ പേര് പറയപ്പെട്ട നബി(സ)യുടെ ഉറ്റബന്ധു ?
    ഉത്തരം: അബൂലഹബ്
16. നബി (സ) യുടെ പിതൃവ്യൻ അബൂലഹബിന്റെ യഥാർത്ഥ നാമം ?
    ഉത്തരം: അബ്ദുൽ ഉസ്സ
17. അല്ലാഹുവിന്റെ കടുത്തകോപത്തിന് പാത്രമായ അബൂലഹബിന്റെ ഭാര്യ ?
    ഉത്തരം: ഉമ്മു ജമീൽ
18. നബി (സ) യുടെ വിയോഗത്തിന് അൽപം മുമ്പായി അവതരിച്ച അദ്ധ്യായം ?
    ഉത്തരം: സൂറത്ത് നസ്ർ

19. ബദ്റിൽ പങ്കെടുത്ത വൃദ്ധരായ സ്വഹാബികളോടൊപ്പം ഉമർ(റ) തന്റെ സദസ്സിലിരുത്തിയ 13 വയസ്സുകാരനായ ബാലൻ ?
ഉത്തരം: ഇബ്നു അബ്ബാസ് (റ)
20. മതങ്ങളെല്ലാം ഒന്നാണ് എല്ലാവർക്കും എല്ലാ മതങ്ങളും പിൻപറ്റാം എന്നിങ്ങനെ ജൽപിക്കുന്ന ആളുകൾക്ക് അല്ലാഹു മുന്നറിയിപ്പ് നൽകുന്ന സൂറത്താണ് ....
ഉത്തരം: സൂറത്തുൽ കാഫിറൂൻ
21. നബി(സ)ക്ക് സ്വർഗ്ഗത്തിൽ നൽകപ്പെട്ടിട്ടുള്ള അരുവി (തടാകം) ?
ഉത്തരം: ഹൗളുൽ കൗസർ
22. അല്ലാഹു റസൂൽ ആയി നിയോഗിച്ചപ്പോൾ ഒന്നാമതായി റബ്ബേ എനിക്ക് എന്റെ ഹൃദയം വിശാലമാക്കി തരണേ എന്ന് പ്രാർത്ഥിച്ച പ്രവാചകൻ ?
ഉത്തരം: മൂസ (അ)
23. നബി (സ) യുടെ സ്വഹാബികൾ തമ്മിൽ കണ്ടുമുട്ടിയാൽ പരസ്പരം ഓതികേൾപ്പിക്കുന്ന അദ്ധ്യായം ?
ഉത്തരം: സൂറത്തുൽ അസ്ർ
24. അസ്ർ എന്ന പദത്തിന്റെ അർത്ഥം ?
ഉത്തരം: കാലം
25. ഖുർആനിലെ എല്ലാ വിജ്ഞാനങ്ങളും അതുൾക്കൊള്ളുന്നു എന്ന് ഇമാം ശാഫിഈ (റ) പ്രസ്താവിച്ചത് ഏത് അദ്ധ്യായത്തെ കുറിച്ചാണ് ?
ഉത്തരം: സൂറത്തുൽ അസ്ർ
26. ഹുത്വമ എന്നാലെന്ത് ?
ഉത്തരം: ജ്വലിക്കപ്പെട്ട അഗ്നി
27. ഖുറൈശ് ഗോത്രത്തിന് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു അവർക്ക് നൽകുന്ന ഉദ്ബോധനം ?
ഉത്തരം: ഈ കഅ്ബാലയത്തിന്റെ റബ്ബിനെ ആരാധിക്കുക
28. വിശുദ്ധ കഅ്ബയുടെ ശുശ്രൂഷകരും ഭരണാധിപരുമായ അറബികളിൽ പ്രശസ്തരായ ഗോത്രക്കാർ?
ഉത്തരം: ഖുറൈശികൾ
29. അവർ മറ്റുള്ളവരെ കാണിക്കുവാനായി പ്രവർത്തിക്കുന്നു ഏത് വിഭാഗം ആളുകളെയാണ് ഖുർആൻ സൂറത്ത് മാഊനിലൂടെ പരാമർശിക്കുന്നത് ?
ഉത്തരം: കപടവിശ്വാസികൾ
30. ചൂളവെച്ച കല്ലു കൊണ്ട് അല്ലാഹു ശിക്ഷയിറക്കിയത് ഏത് പ്രവാചകന്റെ സമുദായത്തിനാണ് ?
ഉത്തരം: ലൂത്ത് നബി (അ)
31. ആനക്കലഹം ഉണ്ടായ വർഷം ?
ഉത്തരം: ക്രി 571
32. വിശുദ്ധ കഅ്ബ പൊളിച്ച് നീക്കാൻ വന്ന ആനപ്പട്ടാളത്തെ നയിച്ചത് ആര് ?
ഉത്തരം: അബ്രഹത്ത്
33. ഹൃദയ വിശാലത നൽകപ്പെട്ടവരിൽ ഒന്നാമത്തെ ആൾ എന്ന് വിശേഷിപ്പിക്കാവുന്നത് ?
ഉത്തരം: നബി (സ)യെ
34. ഹാവിയ എന്നാൽ എന്ത് ?
ഉത്തരം: അത്യഗാധമായ അഗ്നി
35. പരലോകത്ത് തൃപ്തികരമായ ജീവിതം കൈവരിക്കുന്നവർ ആര് ?
ഉത്തരം: സൽകർമ്മങ്ങൾക്ക് ഭാരം ലഭിച്ചവർ
36. عاديات എന്ന പദത്തിന്റെ അർത്ഥം?
ഉത്തരം: കിതച്ചോടുന്നവ
37. നരകത്തിലെ ഊക്കന്മാരായ ശിക്ഷയുടെ മലക്കുകൾക്ക് പറയുന്ന പേര് ?
ഉത്തരം: സബാനിയത്ത്
38. നബി (സ) നമസ്കരിക്കുമ്പോൾ അദ്ദേഹത്തെ തടസ്സപ്പെടുത്തുമെന്ന് വെല്ലുവിളിച്ച സൂറ: അലഖിൽ പരമർശിക്കപ്പെട്ട വ്യക്തി ?
ഉത്തരം: അബൂജഹൽ

39. സിൽസാൽ എന്ന വാക്കിന്റെ അർത്ഥം ?
ഉത്തരം: പ്രകമ്പനം
40. വർഗ്ഗപിതാവായ ഇബ്രാഹീം (അ) ന്റെ പാരമ്പര്യ നടപടികൾക്ക് വിരുദ്ധമായി ഭിന്നിച്ച കക്ഷികൾ ?
ഉത്തരം: വേദക്കാർ
41. ഖുർആൻ അവതരിച്ച അനുഗ്രഹീത രാത്രി ഏത് മാസത്തിലാണ് ?
ഉത്തരം: റമദാൻ മാസത്തിൽ
42. സൂറത്ത് ആദിയാത്തിൽ വ്യത്യസ്തങ്ങളായ ഗുണങ്ങളോട് കൂടിയ മുന്തിയ തരം കുതിരകളെ കൊണ്ട് സത്യം ചെയ്ത് കൊണ്ട് അല്ലാഹു പ്രസ്താവിക്കുന്ന മനുഷ്യന്റെ ഒരു പൊതു സ്വഭാവം ?
ഉത്തരം: നന്ദികേട്
43. ഒരു അടിയാൻ തന്റെ റബ്ബിനോട് ഏറ്റവും അടുത്തായിരിക്കുന്ന അവസരം ?
ഉത്തരം: സുജൂദിൽ
44. ഖദീജ (റ) വിന്റെ പിതൃവ്യ പുത്രനും നബി(സ)ക്ക് നുബുവ്വത്ത് ലഭിച്ച കാലഘട്ടത്തിൽ ജീവിച്ചിരുന്നതുമായ പണ്ഡിതൻ ?
ഉത്തരം: വറഖത്ത് ബ്നു നൗഫൽ
45. ഖുർആൻ പേരെടുത്ത് പറഞ്ഞ് സത്യം ചെയ്യുന്ന ഔഷധ വീര്യമുള്ള 2 ഫലങ്ങൾ ?
ഉത്തരം: അത്തിയും, ഒലീവും
46. ഇസ്രായേല്യരുടെ ചരിത്രവുമായി ഒട്ടേറെ ബന്ധപ്പെട്ട് കിടക്കുന്ന ഒരു പർവ്വതം ?
ഉത്തരം: സീനാ
47. അധികം ആളുകളും വഞ്ചിതരാക്കപ്പെടുന്ന 2 അനുഗ്രഹങ്ങൾ ?
ഉത്തരം: ആരോഗ്യവും ഒഴിവ് സമയവും
48. ധനം എന്നത് വസ്തുക്കളുടെ ആധിക്യം കൊണ്ടുള്ളതല്ല; മനസ്സിന്റെ ധന്യതയാണ് ധനം. ഇതാരുടെ വാക്കുകൾ ?
ഉത്തരം: നബി(സ)യുടെ
49. ഥമൂദ് ഗോത്രത്തിന് മേൽ അല്ലാഹു ശിക്ഷ നടപ്പിലാക്കിയത് എപ്രകാരം ?
ഉത്തരം: ഭൂകമ്പവും ഉഗ്രശബ്ദവും
50. സ്വാലിഹ് നബി(അ)ക്ക് ദൃഷ്ടാന്തമായി അല്ലാഹു നൽകിയ അനുഗ്രഹം ?
ഉത്തരം: ഒട്ടകം
51. അല്ലാഹു പവിത്രമാക്കിയ 3 ഹറമുകളിൽ മൂന്നാമത്തേത് ഏത് ?
ഉത്തരം: ബൈത്തുൽ മുഖദ്ദിസ്
52. മക്കാവിജയം നടന്ന വർഷം ?
ഉത്തരം: ഹിജ്റ 8
53. അടിമയായിരുന്ന ബിലാൽ (റ) വിനെ മോചിപ്പിച്ച സ്വഹാബിവര്യൻ ?
ഉത്തരം: അബൂബക്കർ സിദ്ദീഖ് (റ)
54. അല്ലാഹു പത്ത് രാത്രികളെ കൊണ്ട് സത്യം ചെയ്തതിന്റെ ഉദ്ദേശം; പ്രബലമായ അഭിപ്രായം ?
ഉത്തരം: ദുൽ ഹജ്ജ് മാസത്തിലെ ആദ്യപത്ത്
55. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുന്നതിനേക്കാൾ ശ്രേഷ്ഠമാണെന്ന് അരുളിചെയ്ത പ്രത്യേക ദിവസങ്ങൾ ?
ഉത്തരം: ദുൽ ഹജ്ജ് മാസത്തിലെ ആദ്യപത്ത്
56. തൂണിന്റെ ആളുകൾ എന്നറിയപ്പെടുന്ന സമുദായം ?
ഉത്തരം: ആദ്
57. അല്ലാഹു ചെയ്ത അനുഗ്രഹങ്ങളെ പ്രകടമാക്കേണ്ടത് എങ്ങിനെ ?
ഉത്തരം: നന്ദിപൂർവ്വം
58. ശരീരത്തിന് ഗുണം നൽകാത്ത, നരകവാസികളുടെ ഭക്ഷണം എന്ത് ? (സൂറത്തുൽ ഗാശിയ)
ഉത്തരം: ളരീഅ്
59. രണ്ട് പെരുന്നാൾ നമസ്കാരങ്ങളിലും ജുമുഅ നമസ്കാരത്തിലും നബി (സ) ഓതാറുണ്ടായിരുന്ന 2 സൂറത്തുകൾ ?
ഉത്തരം: സൂറത്ത് അഅ്ലാ, സൂറത്ത് ഗാശിയ
60. വിത്ർ നമസ്കാരത്തിൽ നബി (സ) ഓതാറുണ്ടായിരുന്ന 3 സൂറത്തുകൾ ?
ഉത്തരം: അഅ്ലാ, കാഫിറൂൻ, ഇഖ്ലാസ്

61. ഒന്ന് മൂന്ന് എന്നിങ്ങനെ ഒറ്റയായ റക്അത്ത് കൊണ്ട് അവസാനിപ്പിക്കുന്ന രാത്രിയിലെ സുന്നത്ത് നമസ്കാരം ?
ഉത്തരം: വിത്ർ
62. ജിബ്‌രീൽ (അ) എല്ലാ രാത്രിയും നബി (സ) യെ സന്ദർശിക്കുകയും ഖുർആൻ പാഠം നോക്കുകയും ചെയ്തിരുന്ന മാസം ?
ഉത്തരം: റമദാൻ
63. മനുഷ്യന്റെ കർമങ്ങളെല്ലാം വീക്ഷിച്ച് കൊണ്ടിരിക്കുകയും എഴുതി രേഖപ്പെടുത്തുകയും ചെയ്യുന്ന ചില പാറാവുകാർ എല്ലാവരുടേയും കൂടെ ഉണ്ടെന്ന് ഖുർആൻ പറയുന്നു, ആരാണവർ ?
ഉത്തരം: മലക്കുകൾ
64. മുമ്പിലൂടെയും പിമ്പിലൂടെയും മനുഷ്യനെ കാത്ത്സൂക്ഷിച്ച് കൊണ്ടിരിക്കുന്നവർ ആരാണ് ?
ഉത്തരം: മലക്കുകൾ
65. അല്ലാഹുവിങ്കൽ പ്രത്യേകം സൂക്ഷിക്കപ്പെട്ട ഖുർആനടക്കം പലതും രേഖപ്പെടുത്തി വെക്കപ്പെട്ടിട്ടുള്ള ജ്ഞാനരേഖ ?
ഉത്തരം: ലൗഹുൽ മഹ്ഫൂള്
66. സൂറത്ത് ബുറൂജിലെ ചരിത്രത്തിൽ പറയുന്ന കുട്ടിക്ക് അല്ലാഹുവിൽ വിശ്വാസം ഉണ്ടായത് ആര് മുഖേനയാണ് ?
ഉത്തരം: റാഹിബിൽ നിന്ന് (പുരോഹിതനിൽ)
67. ഖിയാമത്ത് നാളിൽ ലഘുവായ വിചാരണ ലഭിക്കുന്നത് ഏത് കയ്യിൽ ഗ്രന്ഥം നൽകപ്പെടുന്നവർക്കാണ് ?
ഉത്തരം: വലത് കയ്യിൽ
68. ഏത് അദ്ധ്യായത്തിന്റെ അവതരണത്തോടെയാണ് മദീനക്കാർ തങ്ങളുടെ അളവും തൂക്കവും നന്നാക്കാൻ തുടങ്ങിയത് ?
ഉത്തരം: സൂറത്ത് മുത്വഫ്ഫിഫീൻ
69. ഹൃദയത്തിൽ നിന്ന് പാപക്കറ നീക്കാൻ അനുയോജ്യമായ ഏക ഔഷധം ? ഹദീസിൽ നിന്ന് മനസ്സിലാകുന്നത് ?
ഉത്തരം: പശ്ചാത്താപം
70. അല്ലാഹുവിങ്കൽ പ്രത്യേക സാമീപ്യസ്ഥാനം സിദ്ധിച്ചവർക്ക് കുടിച്ച് ആസ്വദിക്കുവാനുള്ള ഒരു ഉറവുജലം ?
ഉത്തരം: തസ്നീം
71. മനുഷ്യൻ കിടമത്സരവും അശ്രാന്ത പരിശ്രമവും നടത്തേണ്ടത് എന്തിന് വേണ്ടിയാണെന്നാണ് ഖുർആൻ പറയുന്നത്? (സൂറ: മുത്വഫ്ഫിഫീൻ)
ഉത്തരം: സ്വർഗ്ഗം നേടാൻ
72. ഇസ്ലാമിന്റെ എതിരാളികളിൽ പലപ്പോഴും കാണപ്പെടുന്ന ഒരു സ്വഭാവം ?
ഉത്തരം: പരിഹാസം
73. ഐഹികജീവിതത്തിൽ മനുഷ്യന് നൽകപ്പെട്ട സ്വാതന്ത്ര്യവും കഴിവും നഷ്ടപ്പെട്ട് നിസ്സഹായനാവുന്നത് എപ്പോൾ?
ഉത്തരം: അന്ത്യനാളിൽ
74. നബി (സ) എത്ര തവണ ജിബ്‌രീൽ (അ) നെ സാക്ഷാൽ രൂപത്തിൽ കണ്ടിട്ടുണ്ട് ?
ഉത്തരം: 2 തവണ
75. സ്വർഗ്ഗം അടുപ്പിക്കപ്പെടുന്നത് ആരിലേക്ക് ?
ഉത്തരം: ഭയഭക്തന്മാരിലേക്ക്
76. ജ്വലിക്കുന്ന നരകം വെളിവാക്കപ്പെടുന്നത് ആർക്ക് മുന്നിൽ ?
ഉത്തരം: ദുർമാർഗ്ഗികൾക്ക് മുന്നിൽ
77. മലക്കുകളുടെ ആവാസ കേന്ദ്രം ?
ഉത്തരം: മലഉൽ അഅ്ലാ
78. മലക്കുകളുടെ നേതാവ് ?
ഉത്തരം: ജിബ്‌രീൽ (അ)
79. നബി (സ) ക്ക് ഖുർആൻ എത്തിച്ച് കൊടുത്തിരുന്ന മലക്ക് ?
ഉത്തരം: ജിബ്‌രീൽ (അ)

80. സൂറത്ത് അബസയിലൂടെ നബി (സ) യെ ആക്ഷേപിക്കുവാൻ കാരണക്കാരനായ അന്ധനായ സ്വഹാബി ?

ഉത്തരം: അബ്ദുല്ലാഹിബ്നു ഉമ്മു മക്തൂം

81. ഓരോ മനുഷ്യനും മറ്റൊരാളെ കുറിച്ച് ചിന്തയോ ഓർമ്മയോ ഉണ്ടാകാത്ത തന്റെ കാര്യം മാത്രം ഓർത്ത് ഭയപ്പെടുന്ന ദിവസം ? (സൂറ: അബസ)

ഉത്തരം: അന്ത്യനാൾ

82. ഞാനല്ലാതെ മറ്റൊരു ഇലാഹും നിങ്ങൾക്കുള്ളതായി ഞാൻ അറിയുന്നില്ല എന്ന് തന്റെ ജനതയോട് അഹങ്കാരത്തോടെ പ്രഖ്യാപിച്ചത് ആര് ?

ഉത്തരം: ഫിർഔൻ

83. സജ്ജനങ്ങൾക്ക് തങ്ങളുടെ റബ്ബിങ്കൽ നിന്ന് പ്രതിഫലം നൽകപ്പെടുന്നതിനെ കുറിച്ച് ഖുർആൻ വിശേഷിപ്പിക്കുന്നത് ? (സൂറ: നബഅ്)

ഉത്തരം: മതിയായ സമ്മാനം

84. പരലോകത്ത് വെച്ച് ഞാൻ മണ്ണായിരുന്നെങ്കിൽ നന്നായേനെ എന്ന് നിലവിളിക്കുന്നതാര് ? (നബഅ്)

ഉത്തരം: അവിശ്വാസി

85. അന്ത്യനാളിൽ ശുപാർശക്ക് അനുമതി നൽകപ്പെടുകയും ശരിയായത് പറയുകയും ചെയ്യുന്നത് ആര്? (സൂറ: നബഅ്)

ഉത്തരം: തൗഹീദിൽ അടിയുറച്ച് ജീവിച്ചവർ

86. നബി(സ) ചൂണ്ടാണിവിരലും നടുവിരലും അകറ്റിപ്പിടിച്ച് കൊണ്ട് പറഞ്ഞു ഞാനും ...................... ഉം സ്വർഗത്തിൽ ഇപ്രകാരം ആയിരിക്കും. (നബിവചനം)

ഉത്തരം: അനാഥയെ ഏറ്റെടുത്തവനും

87. ഖുറൈശ് ഗോത്രത്തെ കുറിച്ച് മാത്രം പ്രസ്താവിക്കപ്പെട്ടിട്ടുള്ള അദ്ധ്യായമാണ് ............................

ഉത്തരം: സൂറ: ഖുറൈശ്

88. ഖുറൈശികൾക്ക് കീർത്തിയും സ്വാധീനവും സിദ്ധിക്കാൻ കാരണം അവർ .............................. ആയതിനാലാണ്.

ഉത്തരം: കഅബയുടെ സംരക്ഷകർ

89. നബി(സ) പറയുന്നു. .................. നെ നിങ്ങൾ സൂക്ഷിക്കണം കാരണം, അവ മനുഷ്യന്റെ മേൽ ഒരുമിച്ച് കൂടി അവനെ നാശത്തിലകപ്പെടുത്തും. (നബിവചനം)

ഉത്തരം: നിസ്സാരമായ പാപങ്ങൾ

90. ആത്മപരിശുദ്ധി വരുത്തിയവൻ ഭാഗ്യവാനും ആത്മകളങ്കം വരുത്തിയവൻ .................. ഉം ആണ്. (സൂറ: ശംസ്)

ഉത്തരം: ദൗർഭാഗ്യവാൻ

91. നിഷേധം, ദുർവൃത്തി, ദുസ്വഭാവം എന്നിവ ................ നെ കളങ്കപ്പെടുത്തുന്നു.

ഉത്തരം: ആത്മാവിനെ

92. അല്ലാഹു പറയുന്നു. അറിയുക, ................ കൊണ്ടാണ് ഹൃദയങ്ങൾ സമാധാനം അടയുന്നത്

ഉത്തരം: അല്ലാഹുവിനെ കുറിച്ചുള്ള സ്മരണ

93. അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കരുതെന്നായിരുന്നു .................. നബി (അ) തന്റെ ജനതയോട് പ്രബോധനം ചെയ്ത ഒരു പ്രധാന വിഷയം

ഉത്തരം: ശുഅയ്ബ് (അ)

94. അന്ത്യനാൾ വന്നെത്തുന്ന ദിവസം ഒരാളും തന്നെ ...................... ന്റെ അനുവാദമില്ലാതെ സംസാരിക്കുകയില്ല.

ഉത്തരം: അല്ലാഹുവിന്റെ

95. മനുഷ്യനെ ഉപദ്രവിക്കുന്ന 2 തരം പിശാചുക്കൾ ഏതെല്ലാം ?

ഉത്തരം: ജിന്നിൽ പെട്ട പിശാചുക്കൾ , മനുഷ്യരിൽ പെട്ട പിശാചുക്കൾ

96. നബി(സ) സൂറ: കാഫിറൂനും ഇഖ്ലാസും ഓതാറുണ്ടായിരുന്ന നമസ്കാരത്തിലെ 2 സന്ദർഭങ്ങൾ ?

ഉത്തരം: ത്വവാഫിന് ശേഷമുള്ള സുന്നത്ത്, സുബ്ഹിന്റെയും മഗ്രിബിന്റെയും സുന്നത്ത്

97. ഹൗളിൽ നിന്ന് ആട്ടിയകറ്റപ്പെടുന്നത് ആര് ?

ഉത്തരം: ബിദ്അത്ത് ചെയ്തവർ

98. നമസ്കാരക്കാർക്ക് നാശം എന്ന് ഖുർആൻ പറയാനുള്ള 3 കാരണങ്ങൾ തുടർന്ന് വിശദീകരിക്കുന്നത് ?

ഉത്തരം: നമസ്കാരത്തിൽ അശ്രദ്ധ കാണിക്കൽ, മറ്റുള്ളവരെ കാണിക്കാൻ നമസ്കരിക്കുക, പരോപകാര വസ്തുക്കളെ തടയുക

99. സൂറത്ത് ഇഖ്ലാസിന്റെ മറ്റു പേരുകൾ ?

ഉത്തരം: സൂറ: അസാസ്, സൂറ: മഅ്രിഫ, സൂറ: അത്തൗഹീദ്

100. നബി (സ)യോട് സൂറത്ത് നസ്റിലൂടെ യാത്രക്ക് ഒരുങ്ങിക്കൊള്ളാൻ സൂചന നൽകിക്കൊണ്ട് നൽകുന്ന 2 നിർദ്ദേശങ്ങൾ ?

ഉത്തരം: ധാരാളമായി തസ്ബീഹ് ചൊല്ലുവാനും പാപമോചനം തേടുവാനും

101. കഅബയെ ത്വവാഫ് ചെയ്ത് കഴിഞ്ഞ ശേഷം നബി (സ) ഓതാറുണ്ടായിരുന്ന 2 സൂറത്തുകൾ ?

ഉത്തരം: സൂറ: കാഫിറൂൻ, സൂറ: ഇഖ്ലാസ്

102. മനുഷ്യൻ നഷ്ടക്കാരിൽ പെട്ട് പോകാതിരിക്കാൻ അനുഷ്ഠിക്കേണ്ട നാലു കാര്യങ്ങൾ ?

ഉത്തരം: വിശ്വസിക്കുക, സൽകർമ്മം ചെയ്യുക, സത്യം ക്ഷമ എന്നിവ ഉപദേശിക്കുക

103. മനുഷ്യൻ സദാ ഓർമ്മിച്ചുകൊണ്ടിരിക്കേണ്ടതും ഓർമ്മിക്കുന്നവർക്ക് നിത്യസമാധാനവും സൽപ്രതീക്ഷയും ലഭിക്കുന്നതുമായ, ഖുർആൻ ആവർത്തിച്ച് പറയുന്ന വചനം?

ഉത്തരം: ഞെരുക്കത്തോടൊപ്പം ഒരു സൗകര്യം ഉണ്ടായിരിക്കും

104. സൂറ: ളുഹയിലൂടെ അല്ലാഹു നബി (സ) യോട് നിർദ്ദേശിക്കുന്ന 3 ഉപദേശങ്ങൾ?

ഉത്തരം: അനാഥയെ സംരക്ഷിക്കുക, ചോദിച്ച് വരുന്നവരെ ആട്ടിയകറ്റരുത്, അനുഗ്രഹങ്ങളെ നന്ദിപൂർവ്വം സ്മരിക്കുക

105. രക്തബന്ധമുള്ളവർക്ക് ദാനം കൊടുക്കുന്നത് 2 ധർമ്മമാകുന്നു, കാരണം? (നബിവചനം)

ഉത്തരം: ധർമ്മവും കുടുംബ ബന്ധം പാലിക്കലും

106. ധനത്തിന് വേണ്ടി ജീവിതം തള്ളിനീക്കുന്ന മനുഷ്യന് തന്റെ നാഥനിൽ നിന്ന് ലഭിച്ച അവകാശം ?

ഉത്തരം: മനുഷ്യൻ തിന്നത്, ഉടുത്തത്, ധർമ്മം നൽകിയത്

107. 5 കാര്യങ്ങളെ കുറിച്ച് ചോദ്യം ചെയ്യപ്പെടാതെ മനുഷ്യന്റെ കാലടികൾ വിചാരണ നിലയം വിട്ട് നീങ്ങുകയില്ല. (നബി വചനം) ഏതെല്ലാമാണ് 5 കാര്യങ്ങൾ ?

ഉത്തരം: ആയുഷ്കാലം , യുവത്വം, ധനം എവിടെനിന്ന്, എന്തിൽ ചിലവഴിച്ചു, അറിവ്

108. അന്ത്യനാളിൽ ഭൂമി അതിന്റെ വർത്തമാനങ്ങൾ പറയുന്നതാണ് (സൂറ: സൽസല). എന്താണ് അതിന്റെ വർത്തമാനങ്ങൾ ?

ഉത്തരം: ഓരോ അടിയാനും അതിന്റെ മീതെ വച്ച് പ്രവർത്തിച്ചത്

109. ഹുനഫാഅ് എന്ന വാക്കിന്റെ വിവക്ഷ ?

ഉത്തരം: എല്ലാ ദുർമാർഗ്ഗങ്ങളും വിട്ട് ഋജുവായ സത്യമാർഗ്ഗത്തിലേക്ക് തിരിഞ്ഞവർ

110. വേദക്കാരെ സംബന്ധിച്ചിടത്തോളം മുൻഗ്രന്ഥങ്ങളിലെന്ന പോലെ ഖുർആനിലൂടെയും ശാസിക്കപ്പെടുന്ന കാര്യങ്ങൾ ?

ഉത്തരം: തൗഹീദ്, നമസ്കാരം, സകാത്ത്

111. സൃഷ്ടികളിൽ വെച്ച് ഏറ്റവും മോശമായവർ ആര് ? (ബയ്യിന)

ഉത്തരം: വേദക്കാരിലും ബഹുദൈവ വിശ്വാസികളിലും പെട്ട അവിശ്വസിച്ചവർ

112. ലൈലത്തുൽ ഖദ്ർ എന്നാലെന്ത്?

ഉത്തരം: ആയിരം മാസത്തേക്കാൾ ഉത്തമമായത് ?

113. ഒരു അടിയാൻ നമസ്കരിക്കുമ്പോൾ അദ്ദേഹത്തെ വിരോധിക്കുന്ന ആളെ നീ കണ്ടുവോ? ആരാണ് നബിയെ വിരോധിച്ച ആൾ ?

ഉത്തരം: അബൂജഹൽ

114. ചെരുപ്പിന്റെ വാർ മുറിയുമ്പോൾ പോലും അതിന് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുവാൻ നബി വചനത്തിലൂടെ നാം പഠിപ്പിക്കപ്പെടുന്നു, കാരണം?

ഉത്തരം: നിസ്സാരമായ കാര്യങ്ങളായാൽ പോലും അല്ലാഹുവിന്റെ സഹായം കൂടാതെ സാദ്ധ്യമല്ല

115. ആത്മപരിശുദ്ധിക്ക് വേണ്ടി ധനം ചിലവഴിക്കുന്നവൻ എന്നത് കൊണ്ടുദ്ദേശം?

ഉത്തരം: അല്ലാഹുവിന്റെ പ്രീതി മാത്രം ഉദ്ദേശിച്ച് ചിലവഴിക്കുന്നവൻ

116. മനുഷ്യനെ സൃഷ്ടിച്ച് ശരിപ്പെടുത്തിയ ശേഷം മനുഷ്യന് നൽകിയ ഒരു പ്രത്യേക കഴിവിനെ സൂറ: ശംസിലൂടെ അല്ലാഹു ഉണർത്തുന്നു. എന്താണാ കഴിവ്?

ഉത്തരം: നന്മയും തിന്മയും വേർതിരിച്ച് മനസ്സിലാക്കാനുള്ള കഴിവ്

117. ആത്മ പരിശുദ്ധി നേടുന്നത് എന്തെല്ലാം കാര്യങ്ങൾ മൂലമാണ് ?

ഉത്തരം: സത്യവിശ്വാസം, സൽകർമ്മം, സൽസ്വഭാവം

118. അല്ലാഹുവിന്റെ ആയത്തുകളെ നിഷേധിക്കുന്നവർ ഏത് പക്ഷക്കാരാണ് ?
ഉത്തരം: ഇടത്പക്ഷക്കാർ
119. കുട്ടിയെ കൊല്ലാനുള്ള രാജാവിന്റേയും അനുയായികളുടേയും യജ്ഞം ഫലം കണ്ടത് എപ്പോൾ?
ഉത്തരം: അല്ലാഹുവിന്റെ നാമത്തിൽ കുട്ടിയുടെ നേരെ അമ്പെയ്തപ്പോൾ
120. കൂട്ടം കൂട്ടമായി സത്യവിശ്വാസം സ്വീകരിച്ച ജനങ്ങൾക്ക് രാജാവ് വിധിച്ച ശിക്ഷയെന്ത്?
ഉത്തരം: കൂട്ടത്തോടെ അഗ്നികുണ്ഠത്തിലിട്ടു
121. അളവിലും തൂക്കത്തിലും മര്യാദ പാലിച്ചാൽ ഉണ്ടാകുന്ന നേട്ടം സൂറ: ഇസ്രാഇലൂടെ അല്ലാഹു നമ്മെ ഉണർത്തുന്നത്?
ഉത്തരം: നല്ല പര്യവസാനം
122. അളവിൽ കൃത്രിമം കാണിക്കുന്ന ആളുകളുടെ ഭൂമിയിലെ നഷ്ടങ്ങൾ ഏവ ?
ഉത്തരം: ഉൽപാദനം തടയപ്പെടും, ക്ഷാമം പിടിപെടും
123. ഖിയാമത്ത് നാളിനെ നോക്കി കാണുവാൻ ഇഷ്ടപ്പെടുന്നവർ ഏതെല്ലാം സൂറത്തുകൾ ഓതിക്കൊള്ളട്ടെ എന്നാണ് നബി (സ) നമ്മെ പഠിപ്പിക്കുന്നത്
ഉത്തരം: സൂറ: തക്‌വീർ, സൂറ: ഇൻഫിതാർ, സൂറ: ഇൻശിഖാഖ്
124. ധിക്കാരിയായിരുന്ന ഫിർഔന് അല്ലാഹുവിൽ നിന്ന് ലഭിച്ച ശിക്ഷ?
ഉത്തരം: നൈലിൽ മുക്കിക്കൊന്നു
125. സൽകർമ്മങ്ങൾക്ക് നിദാനമായ 2 കാര്യങ്ങൾ
ഉത്തരം: റബ്ബിനെ കുറിച്ച് ഭയം, ദേഹേച്ഛയിൽ നിന്ന് സ്വന്തത്തെ തടയുക
126. ദുഷ്കർമ്മങ്ങൾക്ക് നിദാനമായ 2 കാര്യങ്ങൾ?
ഉത്തരം: യാഥാർത്ഥ്യങ്ങളെ ധിക്കരിക്കുക, ഐഹിക ജീവിതത്തിന് പ്രാധാന്യം നൽകുക
127. മുശ്‌രിക്കുകൾ പരസ്പരം ചോദ്യം ചെയ്ത് കൊണ്ടിരിക്കുന്നത് എന്തിനെ കുറിച്ചാണ്?
ഉത്തരം: മഹത്തായ വൃത്താന്തം അഥവാ അന്ത്യനാൾ
128. പരലോകത്ത് വച്ച് സത്യനിഷേധികൾക്ക് ലഭിക്കുന്ന ഹമീം എന്ന ഉറവ്ജലം കൊണ്ടുദ്ദേശം?
ഉത്തരം: വായയും കുടലും വെന്തുരുകുന്ന അത്യുഷ്ണ ജലം
129. غساق എന്നത് കൊണ്ട് വിവക്ഷ?
ഉത്തരം: നരകത്തിൽ നിന്നൊഴുകുന്ന ദുർഗന്ധവും അഴുക്കും നിറഞ്ഞ തണുപ്പ് ജലം
130. സത്യനിഷേധികൾക്ക് യോജിച്ച നരകത്തിലെ അസഹനീയമായ ശിക്ഷ ലഭിക്കാൻ ഇടയാക്കിയ കാരണം ?
ഉത്തരം: അവർ വിചാരണയെ പ്രതീക്ഷിച്ചില്ല
131. ഖുറൈശികൾ ഉഷ്ണകാലത്ത് കച്ചവടയാത്ര നടത്തിയിരുന്നത് ഏത് രാജ്യത്തേക്കായിരുന്നു?
ഉത്തരം: ശാം (സിറിയ)
132. ഖിയാമത്ത് നാളിൽ മനുഷ്യൻ ഏത് വിധം ആയിത്തീരുന്നതാണ്. (സൂറ: ഖാരിഅ)
ഉത്തരം: ചിന്നിച്ചിതറിയ പാറ്റ പോലെ
133. മനുഷ്യന് കഠിനമായ സ്നേഹം എന്തിനോടാണ്? (സൂറ: ആദിയാത്ത്)
ഉത്തരം: ധനത്തോട്
134. നബിയേ നിന്റെ റബ്ബ് നിന്നെ വിട്ടുകളഞ്ഞിട്ടില്ല.. നിന്നോട് ദേഷ്യം കാട്ടിയിട്ടുമില്ല എന്ന് പറഞ്ഞതാര് ?
ഉത്തരം: അല്ലാഹു
135. പിശുക്ക് കാണിക്കുകയും സ്വയം ധന്യത നടിക്കുകയും സത്യത്തെ വ്യാജമാക്കുകയും ചെയ്തവന് ഏത് വിധേനയാണ് സൗകര്യം ചെയ്ത് കൊടുക്കുന്നത് ?
ഉത്തരം: പ്രയാസം
136. സൂറത്ത് ബലദ് ഏത് നഗരത്തെ കുറിച്ചു സൂചന നൽകുന്നു?
ഉത്തരം: മക്ക
137. ഖുർആനിലെ ഏറ്റവും ചെറിയ അദ്ധ്യായം?
ഉത്തരം: സൂറ: കൗഥർ
138. പത്ത് തവണ ആവർത്തിച്ച് പാരായണം ചെയ്താൽ അവന് സ്വർഗ്ഗത്തിൽ ഒരു ഭവനം ലഭിക്കുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ട അദ്ധ്യായം?
ഉത്തരം: സൂറത്ത് ഇഖ്ലാസ്
139. ഒരേ സമയം അവതരിച്ച 2 സൂറത്തുകൾ?
ഉത്തരം: സൂറ: ഫലഖ്, സൂറ: നാസ്

140. ഖുർആനിലെ ആദ്യവചനം അവതരിക്കുമ്പോൾ പ്രവാചകൻ(സ) യുടെ വയസ്സ് എത്ര ആയിരുന്നു?
ഉത്തരം: 40

141. ഖുർആനിൽ നിന്ന് അവതരിക്കപ്പെട്ട ആദ്യ വാക്യം?
ഉത്തരം: ഇഖ്‌റഅ് (വായിക്കുക)

142. കിടങ്ങിന്റെ ആളുകളെ കുറിച്ച് വിവരിക്കുന്ന അദ്ധ്യായം?
ഉത്തരം: സൂറ ബുറൂജ്

143. പെൺകുട്ടികളെ ജീവനോടെ കുഴിച്ച് മൂടുന്നവരെ താക്കീത് ചെയ്യുന്ന അദ്ധ്യായം?
സൂറ തക്‌വീർ

144. ഒരു പ്രയാസത്തോടൊപ്പം ഒരു എളുപ്പമുണ്ട് എന്ന് സത്യവിശ്വാസികൾക്ക് വഗ്ദാനം നൽകുന്ന അദ്ധ്യായം?
ഉത്തരം: സൂറത്ത് ഇൻശിറാഹ്

145. ''മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയിലായിക്കൊണ്ട് സൃഷ്ടിച്ചിരിക്കുന്നു.'' ഇത് ഏത് അദ്ധ്യായത്തിലെ വചനങ്ങളാണ്?
ഉത്തരം: സൂറ: തീൻ

146. മൂസ, ഇബ്റാഹീം എന്നീ പ്രവാചകന്മാരുടെ നാമം കൊണ്ട് അവസാനിക്കുന്ന അദ്ധ്യായം?
ഉത്തരം: സൂറ: അഅ്‌ലാ

147. അബ്ദുല്ല ബ്‌നു ഉമ്മുമക്തൂം (റ) എന്ന സ്വഹാബിയുമായി ബന്ധപ്പെട്ട സംഭവം വിവരിക്കുന്ന അദ്ധ്യായം?
ഉത്തരം: സൂറ: അബസ

148. അറബി അക്ഷരമാലയിലെ എല്ലാ അക്ഷരങ്ങളും ഉൾക്കൊള്ളുന്ന അദ്ധ്യായം?
ഉത്തരം: സൂറ: ഗാശിയ

149. സൂറത്ത് തക്‌വീറിലൂടെ അല്ലാഹു رسول كريم (മാന്യനായ ദൂതൻ) എന്ന് പരാമർശിക്കുന്നത് ആരെ കുറിച്ചാണ്?
ഉത്തരം: ജിബ്‌രീൽ (അ)

150. സൂറത്ത് ഹുമസയിലൂടെ അല്ലാഹുവിന്റെ ശാപത്തിന് പാത്രമാകേണ്ടി വന്ന രണ്ട് വിഭാഗം ആളുകൾ ആരെല്ലാം?
ഉത്തരം: കുത്ത് വാക്ക് പറയുന്നവർ, കുറവാക്കുന്നവർ

151. പണം എണ്ണിക്കണക്കാക്കിക്കൊണ്ടിരിക്കുന്ന മനുഷ്യൻ വലിച്ചെറിയപ്പെടുന്നത് എവിടേക്ക് ? (ഹുമസ)
ഉത്തരം: ഹുത്വമ (ജ്വലിക്കപ്പെട്ട അഗ്നി)

152. ഖാരിഅ: എന്നാൽ എന്താണ് ഉദ്ദേശം ?
ഉത്തരം: ഭയങ്കര സംഭവം (അന്ത്യനാൾ)

153. കുതിരയെ കുറിച്ച് വിവരിച്ച് കൊണ്ട് സത്യം ചെയ്ത അദ്ധ്യായം?
ഉത്തരം: സൂറത്ത് ആദിയാത്ത്

154. സൂറ: ബയ്യിനയിലൂടെ അല്ലാഹു വിവരിക്കുന്ന, സൃഷ്ടികളിൽ ഏറ്റവും ഉത്തമരായ ആളുകൾ ആര്?
ഉത്തരം: വിശ്വസിക്കുകയും സൽകർമ്മം ചെയ്യുകയും ചെയ്യുന്ന ആളുകൾ

155. ആയിരം മാസത്തേക്കാൾ ഉത്തമമായ രാത്രി?
ഉത്തരം: ലൈലത്തുൽ ഖദ്ർ

156. സൂറത്ത് ഖദ്റിലൂടെ പരാമർശിച്ച റൂഹ് എന്നത് കൊണ്ട് വിവക്ഷ?
ഉത്തരം: ജിബ്‌രീൽ (അ)

157. സ്വാലിഹ് (അ) നെ കുറിച്ചും അദ്ദേഹത്തിന് ലഭിച്ച മുഅ്ജിസത്തായ ഒട്ടകത്തെ കുറിച്ചും പരമർശിക്കുന്ന മുപ്പതാം ജുസ്ഇലെ അദ്ധ്യായം?
ഉത്തരം: സൂറ: അശ്ശംസ്

158. പെരുന്നാൾ നമസ്കാരത്തിലും ജുമുഅ നമസ്കാരത്തിലും നബി(സ) പാരായണം ചെയ്തിരുന്ന 2 അദ്ധ്യായങ്ങൾ?
ഉത്തരം: സൂറ: അഅ്‌ലാ, സൂറ: ഗാശിയ

159. സൂറത്ത് ബുറൂജിലൂടെ അല്ലാഹു പരാമർശിക്കുന്ന يوم الموعود കൊണ്ടുദ്ദേശം?
ഉത്തരം: അന്ത്യനാൾ

160. കുറ്റവാളിയുടെ കണക്കുകൾ രേഖപ്പെടുത്തുന്നത് എവിടെ? (മുത്വഫ്ഫിഫീൻ)
ഉത്തരം: സിജ്ജീൻ

161. സൽകർമ്മം ചെയ്തവരുടെ കർമ്മങ്ങൾ രേഖപ്പെടുത്തുന്നത് എവിടെയാണ് ?

ഉത്തരം: ഇല്ലിയ്യീൻ

162. അല്ലാഹു പരാമർശിക്കുന്ന خَيْرٌ وَأَبْقَىٰ (ഏറ്റവും ഉത്തമമായതും, എന്നും അവശേഷിക്കുന്നതുമായതും) എന്ത്? (സൂറത്ത് അഅ്ലാ)

ഉത്തരം:പരലോകം

163. സ്വർഗ്ഗീയ പാനീയത്തെ കുറിച്ച് സൂറത്ത് മുത്വഫ്ഫിഫീനിൽ പറയുന്ന പേര് ?

ഉത്തരം: റഹീക്കുൻ മഖ്തൂം

164. സഖൂം വൃക്ഷത്തിൽ നിന്ന് ഭക്ഷണവും ചുട്ടുപഴുത്ത പാനീയവും ആർക്കാണ്?

ഉത്തരം: നരകവാസികൾക്ക്

165. എതൊരാൾക്കും ചോദിക്കാനും രക്ഷതേടാനും ഇവയെ പോലെ മറ്റൊന്നില്ല..എന്ന് നബി(സ) പറഞ്ഞത് എന്തിനെ കുറിച്ചാണ്?

ഉത്തരം: സൂറ:ഫലഖ്, സൂറ:നാസ്.

166. നബി(സ) ആർക്കൊക്കെ വേണ്ടിയാണ് ശരണം തേടി പ്രാർത്ഥിച്ചത്?

ഉത്തരം: ഹസൻ(റ), ഹുസൈൻ(റ)

167. ഖുർആനിന്റെ മൂന്നിൽ ഒരു ഭാഗത്തിന് സമമായ അദ്ധ്യായം?

ഉത്തരം: സൂറ:ഇഖ്ലാസ്

168. സൂറത്ത് മാഊനിൽ വിവരിക്കപ്പെട്ട മതനിഷേധികളുടേയും കപടവിശ്വാസികളുടേയും പ്രത്യേകതകൾ എത്ര?

ഉത്തരം: 5

169. ഇബ്നു മസ്ഊദ്(റ) യുടെ അഭിപ്രായത്തിൽ മാഊന്റെ ഉദ്ദേശാർത്ഥത്തിൽ പ്രധാനമായത് ഏത്?

ഉത്തരം: സകാത്ത്

170. സ്വന്തത്തോട് അതിര് കവിയുകയും ഐഹികജീവിതത്തിന് പ്രാധാന്യം നൽകുകയും ചെയ്യുന്നവർക്കുള്ള സങ്കേതസ്ഥാനം?

ഉത്തരം: നരകം

171. صُحُفًا مُّطَهَّرَةً (ശുദ്ധമാക്കപ്പെട്ട ഏടുകൾ) കൊണ്ടുള്ള ഉദ്ദേശം?

ഉത്തരം: ഖുർആൻ

172. കിടങ്ങിന്റെ ആളുകളെ കുറിച്ച് വിവരിക്കുന്ന അദ്ധ്യായം?

ഉത്തരം: സൂറ: ബുറൂജ്

173. അല്ലാഹു കാലത്തെ സത്യം ചെയ്തുകൊണ്ട്, മനുഷ്യരെല്ലാം നഷ്ടത്തിലാണ് എന്ന് പ്രഖ്യാപിക്കുന്നത് ഏത് അദ്ധ്യായത്തിൽ?

ഉത്തരം: സൂറ: അസ്ർ

174. സൃഷ്ടികളിൽ ഏറ്റവും ഉത്തമർ ആര്? (സൂറ: ബയ്യിന)

ഉത്തരം: വിശ്വസിക്കുകയും സൽകർമ്മം അനുഷ്ഠിക്കുകയും ചെയ്തവർ

175. സിജ്ജീനെ കുറിച്ചും ഇല്ലിയ്യീനെ കുറിച്ചും വിശദീകരിക്കപ്പെട്ട അദ്ധ്യായം?

ഉത്തരം: സൂറ: മുത്വഫ്ഫിഫീൻ

176. മുപ്പതാം ജുസ്ഇലെ അദ്ധ്യായങ്ങളുടെ എണ്ണം?

ഉത്തരം: 37

177. മുപ്പതാം ജുസ്ഇലെ മദനീ സൂറത്തുകളുടെ എണ്ണം?

ഉത്തരം: 3

178. സൂറത്തുന്നസ്റിലെ കൽപന പ്രകാരം നബി(സ)യുടെ അവസാന കാലത്ത് അധികം പറയാറുണ്ടായിരുന്ന പ്രാർത്ഥന ?

ഉത്തരം: سبحانك اللهم ربنا وبحمدك اللهم اغفرلي

179. സൂറത്തു ഇഖ്ലാസിൽ പറഞ്ഞ അല്ലാഹുവിന്റെ 5 ഗുണങ്ങൾ ഏവ ?

ഉത്തരം: 1. ഒന്നാകുന്നു 2. നിരാശ്രയനാകുന്നു 3. ജനിച്ചവനല്ല 4. ജനിപ്പിച്ചവനല്ല 5. അതുല്യനാണ്

180. സൂറത്തുന്നാസ് മുഖേന അല്ലാഹു നമ്മെ പഠിപ്പിക്കുന്നതെന്ത് ?

ഉത്തരം: ജിന്ന്-മനുഷ്യ പിശാചുക്കളിൽ നിന്ന് അല്ലാഹുവിനോട് രക്ഷ തേടുക

181. സൂറ ഫലഖിലൂടെ രക്ഷ തേടാൻ പഠിപ്പിക്കപ്പെട്ട 4 കാര്യങ്ങൾ ഏവ ?

ഉത്തരം: 1. അല്ലാഹുവിന്റെ സൃഷ്ടികൾ 2. ഇരുട്ട് 3. കെട്ടുകളിൽ ഊതുന്നവർ 4. അസൂയക്കാരൻ

182. അല്ലാഹു അബൂലഹബിനെ പേര് പറഞ്ഞ് ശപിച്ച് ആക്ഷേപിക്കാൻ കാരണമെന്തായിരിക്കാം ?

ഉത്തരം: അല്ലാഹുവിന്റെ ദീനിനോടും റസൂലിനോടും കാണിച്ച നീചമായ പെരുമാറ്റം

183. നബി(സ)ക്ക് നൽകപ്പെടുന്ന ഹൗളുൽ കൗസറിന്റെ ആകൃതിയെന്ത് ?

ഉത്തരം: സമചതുരം

184. ശിർക്കും തൗഹീദും തമ്മിൽ ഒരു ബന്ധവും സന്ധിയുമില്ലെന്ന് പ്രഖ്യാപിക്കാൻ കൽപിച്ച അദ്ധ്യായം ?

ഉത്തരം: കാഫിറൂൻ

185. സൂറത്തുൽ മാഊനിൽ പറഞ്ഞ മതനിഷേധികളുടെയും കപട വിശ്വാസികളുടെയും ലക്ഷണങ്ങൾ ഏതെല്ലാം ?

ഉത്തരം: 1. യതീമിനെ തള്ളിക്കളയും 2. മിസ്കീനിന് ഭക്ഷണത്തിന് പ്രേരിപ്പിക്കില്ല 3. നമസ്കാരത്തെ കുറിച്ച് അശ്രദ്ധനായിരിക്കും 4. പരോപകാരം ചെയ്യില്ല

ചേരുംപടി ചേർക്കുക

| | | |
|---|---|---|
| 186. | അവൻ പാശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു | സൂറ:നസ്ർ |
| 187. | ഈ വീടിന്റെ റബ്ബിനെ ആരാധിച്ചുകൊള്ളട്ടെ | സൂറ:ഖുറൈശ് |
| 188. | നമസ്കാരക്കാർക്ക് നാശം | സൂറ:മാഊൻ |
| 189. | നിങ്ങൾ ആരാധിച്ച് വരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല | സൂറ:കാഫിറൂൻ |
| 190. | സൃഷ്ടിച്ചവനായ നിന്റെ റബ്ബിന്റെ നാമത്തിൽ വായിക്കുക | സൂറ:അലഖ് |

ശരിയായ അർത്ഥം യോജിപ്പിക്കുക

| | | |
|---|---|---|
| 191. | അലഖ് | രക്തപിണ്ഡം |
| 192. | അഅ്ലാ | അത്യുന്നതൻ |
| 193. | ഗാശിയ | മൂടുന്ന സംഭവം |
| 194. | ഫലഖ് | പുലരി |
| 195. | ബുറൂജ് | ഗ്രഹമണ്ഡലം |
| 196. | അന്നബഅ് | വൃത്താന്തം |
| 197. | ഇൻശിറാഹ് | ഹൃദയ വിശാലത |
| 198. | തകാഥുർ | പെരുപ്പം കാണിക്കൽ |
| 199. | തീൻ | അത്തിപ്പഴം |
| 200. | മുത്വഫ്ഫിഫീൻ | അളവ് കുറക്കുന്നവർ |

More details please contact

050 7462528